**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5320** — **02.07.2013-ൽ മറുപടിയ്ക്ക്**

## ആട്ടോകാസ്റ്റിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ക്രാപ്പ് എവിടെ നിന്നുമാണ് ലഭിക്കുന്നതെന്നു പറയാമോ; പി.എസ്.യുകൾ വഴി ഇ- ടെൻണ്ടർ നടപടികളിലൂടെ അപേക്ഷ നൽകി സ്ക്രാപ്പ് ശേഖരിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പരിമിതികൾ പരിശോധിച്ചിട്ടുണ്ടോ; ടെണ്ടർ സംവിധാനത്തിൽ സ്വകാര്യ വ്യവസായങ്ങളുമായി മത്സരിച്ച് സ്ക്രാപ്പ് നേടുന്നതിന് ആട്ടോകാസ്റ്റിന് കഴിയാതെ വന്നാൽ സ്ഥാപനം എങ്ങനെ പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | ആട്ടോകാസ്റ്റിനാവശ്യമായ സ്ക്രാപ്പ് ഇ-ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ ദർഘാസുകൾ സമർപ്പിക്കുന്നവരിൽ നിന്നുമാണ് വാങ്ങുന്നത്. മതിയായ പ്രവർത്തന മൂലധനമില്ലാത്തതും, തുറന്ന മത്സരവുമാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്ക്രാപ്പ് ശേഖരിക്കുന്നതിന് ആട്ടോകാസ്റ്റ് നേരിടുന്ന പരിമിതികൾ.<br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങൾ ഇ-ടെണ്ടർ വഴി മാത്രമെ വാങ്ങാവൂ എന്നുള്ള നിർദ്ദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.<br>എല്ലാ സ്ഥാപനങ്ങളിലും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുകയും അതിനുള്ള വൈദഗ്ദ്ധ്യം കൈവരിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്ക്രാപ്പ് ലഭിക്കുന്നതിനുള്ള പരിമിതികൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിൽ വളരെയധികം പരാതികൾ നേരിട്ടിരുന്ന പലസ്ഥാപനങ്ങളും ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതോടുകൂടി കാര്യക്ഷമമായ |